## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1037** **14.01.2021-ൽ മറുപടിക്ക്**

## മിനിമം വേതനം

### ചോദ്യം

ശ്രീ . പാറക്കൽ അബ്ദുല്ല :

(എ) സർക്കാർ ജിവനക്കാർക്കും അദ്ധ്യാപകർക്കും നിശ്ചിത ഇടവേളകളിൽ ശമ്പള പരിഷ്കരണം ഉള്ളപ്പോൾ സംസ്ഥാനത്തെ ഒന്നര കോടി വരുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കാനോ നിശ്ചയിച്ച വേതനം കാലോചിതമായി പുതുക്കാനോ സർക്കാർ തയ്യാറാകാത്തതിന്റെ സാഹചര്യം വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) മുന്നൂറോളം തൊഴിൽ മേഖലകളുള്ള സംസ്ഥാനത്ത് മൂന്നിലൊന്ന് പേർക്ക് പോലും മിനിമം വേതനം നിശ്ചയിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്ത് എൺപത്തി ഒന്ന് തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനമിറക്കിയതിൽ അറുപതെണ്ണവും കാലഹരണപ്പെട്ട സാഹചര്യം പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### മറുപടി

ശ്രീ.ടി.പി.രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പ് മന്ത്രി

(എ) യും (ബി) യും (സി) യും മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ 87 തൊഴിൽ മേഖലകളിൽ, കാലാവധി പൂർത്തിയാക്കിയ തൊഴിൽ മേഖലകളിലെല്ലാം തന്നെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലാവധി പൂർത്തിയായ 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും, പുതിയതായി ഉൾപ്പെടുത്തിയ 6 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കാലാവധി പൂർത്തിയാക്കിയ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും പുതിയതായി മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ ഉപസമിതികൾക്ക് രൂപം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ